**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3247** 21.12.2012- ലെ മറുപടിക്ക്

## പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, പാലോട് രവി<br>,, എ.റ്റി. ജോർജ് | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി വിവിധ വകുപ്പുകളെ സജ്ജമാക്കുന്ന എന്തെല്ലാം നടപടികളാണ് പ്ലാനിംഗ് ബോർഡ് സ്വീകരിച്ചിട്ടുള്ളത് ; | (എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ വകുപ്പ് അധ്യക്ഷൻമാരുടെയും, വകുപ്പ് സെക്രട്ടറിമാരുടെയും യോഗം വിളിച്ച് ചേർക്കാറുണ്ട്. അതിൽ വിവിധ വകുപ്പുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കാറുണ്ട്. വർക്കിംഗ് ഗ്രൂപ്പ് / സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ആസൂത്രണ ബോർഡ് പ്രതിനിധികൾ പങ്കെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ ആസൂത്രണ ബോർഡ് നടപ്പിലാക്കുന്ന 'പ്ലാൻ സ്പേസ്' എന്ന പദ്ധതി പുരോഗതി അവലോകന രീതിയിൽ കൂടി സംസ്ഥാനത്തെ പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (ബി) പദ്ധതി ചെലവ് സംബന്ധിച്ച ശരിയായ വിവരം നൽകാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ ;<br><br>(സി) പ്രസ്തുത വകുപ്പുകളുടെ പദ്ധതി വിഹിതം കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (ബി) യും (സി) യും 12-ാം പദ്ധതിയിൽ വിവിധ മേഖലകൾക്കും ഉപമേഖലകൾക്കും വിഹിതം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ 'പ്ലാൻ സ്പേസ്' എന്ന ഓൺലൈൻ സംവിധാനത്തിൽ വിവരം നൽകാൻ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും സഹകരിക്കുന്നതിനും വിവരം നൽകുന്നതിനും വിസമ്മതിക്കുന്ന വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും 5% കുറവ് വരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**